**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1332** **12-02-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മുനക്കൽ ബീച്ച് ബ്ലൂടാക് രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഏറ്റവും വലിയ ബീച്ചുകളിൽ ഒന്നായ അഴീക്കോട് മുനക്കൽ ബീച്ചിന്റെ ബ്ലൂടാഗ് രജിസ്ട്രേഷൻ സംബന്ധിച്ചുള്ള പ്രവർത്തന പുരോഗതി അറിയിക്കാമോ; | (എ) | കേരളത്തിലെ ഏറ്റവും വലിയ ബീച്ചുകളിൽ ഒന്നായ അഴീക്കോട് മുനക്കൽ ബീച്ചിന്റെ Blue tag രജിസ്ട്രേഷൻ സംബന്ധിച്ചുള്ള നടപടികൾ മുസിരിസ് മുഖേനയാണ് നടന്നു വരുന്നത്. ഇതിന്റെ ഭാഗമായി Blue tag ഉദ്യോഗസ്ഥർ 2024 ഒക്ടോബർ മാസം അവസാനം മുനക്കൽ ബീച്ച് സന്ദർശിച്ചിരുന്നതായി മുസിരിസ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ മുസിരിസ് മുഖേന സ്വീകരിച്ചു വരുന്നു. |
| (ബി) | അഴിക്കോട് മുനക്കൽ ബീച്ചിൽ സ്പോർട്സ് ടൂറിസവുമായി ബന്ധപ്പെട്ട് വിനോദോപാധികൾ സ്ഥാപിക്കുന്ന പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | നിലവിൽ മുനക്കൽ ബീച്ചിൽ 7 റൈഡുകൾ അടങ്ങിയ ചിൽഡ്രൻസ് പാർക്ക്, AVT (All Terrain Vehicle) ,ബഗ്ഗി റൈഡ് സർവീസ് എന്നിവ സഞ്ചാരികൾക്കായി ഒരുക്കിയിട്ടുണ്ട്. മുനക്കൽ മുസിരിസ് ബീച്ചിനോടട്ടുത്തുള്ള കടലോരം ആഴമേറിയതായതിനാൽ സാഹസിക ജല വിനോദങ്ങൾക്ക് അനുയോജ്യമാണോ എന്ന് പരിശോധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ കൗൺസിൽ, തൃശ്ശൂർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്നിവരോട് മുസിരിസ് മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറക്ക് ആയതിന്റെ സാധ്യത പരിശോധിച്ച് തുടർ നടപടികൾ മുസിരിസ് മുഖേന സ്വീകരിക്കുന്നതാണ്. |
| (സി) | പുതുവത്സരത്തിൽ നടത്തിയ ബീച്ച് ഫെസ്റ്റിവലിൽ അൽഭുതാവഹമായ രീതിയിലുള്ള ജനക്കൂട്ടം പങ്കെടുത്തതിനാൽ ഇത് തുടർവർഷങ്ങളിൽ നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ; | (സി) | ബീച്ച് ഫെസ്റ്റ് വിജയകരമായി നടത്തിയതിന്റെ അടിസ്ഥാനത്തിൽ മുസിരിസ് പൈതൃക പദ്ധതിയുടെ നേതൃത്വത്തിൽ 2025 ഫെബ്രുവരി ആദ്യ വാരത്തിൽ കേരളാ മോട്ടോർ സ്പോർട്സുമായി സഹകരിച്ച് 4x4 SUV വാഹനങ്ങളുടെ വിവിധ കാറ്റഗറിയിലുള്ള റേസിംഗ് മത്സരം "Muziris Sand Challenge" എന്ന പേരിൽ വിജയകരമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അടുത്ത വർഷം മുസിരിസും എറിയാട് ഗ്രാമ പഞ്ചായത്തും സഹകരിച്ച് മധ്യ മേഖലയിൽ ഏറ്റവും വലിയ ബീച്ച് കാർണിവൽ നടത്തുന്ന കാര്യം പരിഗണനയിലുണ്ട്. |
| (ഡി) | ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഒന്നായി മാറാൻ സാധിക്കുന്ന തരത്തിൽ എന്തെല്ലാം പദ്ധതികളാണ് അഴിക്കോട് മുനക്കൽ ഡോൾഫിൻ ബീച്ചുമായി ബന്ധപ്പെട്ട് വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | മുനക്കൽ ബീച്ചിലെ പ്രവർത്തനങ്ങൾ നടത്തിവരുന്നത് മുസിരിസ് മുഖേനയാണ്. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട് മുസിരിസിൽ നിന്നും പ്രോപ്പോസൽ ലഭ്യമാകുന്ന മുറക്ക് ആയതിന്റെ ടൂറിസം സാധ്യത പരിശോധിച്ച ശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ